**DEPARTMENT OF**
**HEALTH AND FAMILY WELFARE**
**GOVERNMENT OF KERALA**

May 2026

## FESTIVAL DISASTER
## PREPAREDNESS PLAN

# MALAPPURAM



**DEPARTMENT OF HEALTH AND FAMILY WELFARE**

KERALA.HEALTH

# Foreword

Kerala has long stood as a model for responsive, resilient, and people-centred public health systems. Our collective experiences during public health emergencies, infectious disease outbreaks, natural disasters, and mass gathering events have repeatedly reaffirmed one fundamental truth, preparedness at the district level remains the cornerstone of an effective health security framework. It is in this context that the District Festival Preparedness Plan – Kerala assumes profound relevance and strategic importance.

Festivals in Kerala are not merely cultural celebrations; they represent large-scale social congregations involving dynamic population movement, heightened healthcare demands, increased risks of communicable disease transmission, trauma, crowd-related emergencies, environmental hazards, and public health vulnerabilities. A scientifically structured district-level preparedness mechanism therefore becomes indispensable to ensure timely prevention, coordinated response, efficient surveillance, emergency medical readiness, and continuity of essential healthcare services during such events.

This document has been conceived as a practical and operational extension of the State Pandemic Preparedness Framework and the Standard Treatment Guidelines developed by the Health & Family Welfare Department, Government of Kerala. By contextualising preparedness into district-specific operational strategies, the document seeks to strengthen decentralised health governance, interdepartmental coordination, emergency response systems, surveillance architecture, risk communication pathways, referral mechanisms, and rapid mobilisation protocols across all districts of the State.

Thrissur district team prepared scientific Thrissur Pooram management Plan. They were asked to prepare a generic framework for preparing Festivals Management Plans. The framework was shared with the district teams and they worked on preparation of Festival Management Plans.

The preparation of this comprehensive framework reflects the spirit of collaborative public health leadership and multidisciplinary teamwork that defines Kerala's healthcare system. I place on record my sincere appreciation to all District Medical Officers (DMOs) for their committed contributions and field-level insights in shaping this important initiative. These tasks would not have been possible without the constant support of the state resource officers team of Dr Mahesh, Dr Ajan, Dr Dileep, Dr Hari and many others. I appreciate their untiring efforts.

I wish to particularly acknowledge the valuable efforts of Dr. Ravindran C for the compilation and academic consolidation of this document. The dedication and intellectual contribution of the entire supportive editorial team, including the enthusiastic participation of medical students from Government Medical College Thrissur, deserve special commendation. Their collective efforts reflect the evolving culture of academic public health engagement and participatory healthcare planning in Kerala.

I sincerely appreciate the efforts of one and all and I am confident that Kerala Health team is having capability and will to take up any challenges and excel in their endeavours.

I am confident that this document will serve not merely as a preparedness manual, but as a dynamic operational guide capable of strengthening district-level resilience, improving emergency responsiveness, and safeguarding public health during major festivals and mass gathering events across the State. With continued coordination, vigilance, scientific planning, and community participation, Kerala shall continue to advance its commitment towards a safer, healthier, and more prepared society.

**Dr. Rajan N Kobragade IAS**
**Additional Chief Secretary**
**Health & Family Welfare Department**
**Government of Kerala**

# LIST OF CONTRIBUTORS

| | | |
|---|---|---|
| Dr Mahesh N | Assistant Director | DHS |
| Dr Ravindran C | Prof of surgery | MCHTSR |
| Dr Ajan M. J | Assistant Director | DHS |
| Dr Dileep | Assistant Director | DHS |
| Dr Harikumar S | Assistant Director | DHS |
| Dr Suman V Sulaiman | Assistant Professor | MCHTSR |
| Mr. Adithya Chandran | Medical student | MCHTSR |
| Dr Soorya Gayathry P | Medical student | MCHTSR |
| Miss Urmil Vyshna | Medical student | MCHTSR |
| Miss Gopika I B | Medical student | MCHTSR |
| Miss Diya Thomas | Medical student | MCHTSR |
| Miss Gayathri A K | Medical student | MCHTSR |
| Miss Cristine Sara Joe | Medical student | MCHTSR |
| Dr Akhtar Zamil Sirajuddin | Research Associate | MCHTSR |
| Mr Krishna prasad | IT Support cell | CSDTTCR |

## INDEX


1. ആമുഖം....5
2. നേർച്ചയുടെ സമയകമം....5
3. കൊണ്ടോട്ടി നേർച്ച - Group Gathering Area....6
4. ആൾക്കൂട്ടവും അപകട സാധതയും....6
5. ആൾക്കൂട്ടം മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും അപകടസാധതയും കുറക്കൽ....6
6. കമാൻഡ് സിസ്റ്റം....7
7. പ്രധാന ആളുകളുടെയും കോൺടാക്റ്റുകളുടെയും പട്ടിക ....7
8. പ്രധാന ആശുപത്രികൾ - ഫസ്റ്റ് പോയിൻറ് ഓഫ് കോൺടാക്റ്റ്....8
9. മെഡിക്കൽ എയ്ഡ് പോസ്റ്റ് ,ആംബുലൻസ് സേവനങ്ങൾ....8
10. ആംബുലൻസ് കോൺടാക്ട് നമ്പറുകൾ....9
11. ആശുപത്രി തയ്യാറെടുപ്പ്....9
12. റഫറൽ പ്ലാൻ....9

**കൊണ്ടോട്ടി നഗരസഭ**
**ഗവ. താലൂക്ക് ആസ്ഥാന ആശുപത്രി, കൊണ്ടോട്ടി**

# കൊണ്ടോട്ടി നേർച്ച

# Festival Preparedness Plan

## I. ആമുഖം

സ്വാതന്ത്ര്യലബ്ധിക്കു മുൻപ് തന്നെ കൊണ്ടോട്ടി പ്രദേശത്ത് നടന്നിരുന്ന പ്രധാനപ്പെട്ട ഒരു ഉത്സവം ആയിരുന്നു കൊണ്ടോട്ടി നേർച്ച. നേർച്ച ആരംഭിച്ച വർഷം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല . കൊണ്ടോട്ടി നേർച്ചയുമായി ബന്ധപ്പെട്ട അക്കാലങ്ങളിൽ ധാരാളം ആളുകൾ കൊണ്ടോട്ടി പ്രദേശത്ത് വരികയും താമസിക്കുകയും ചെയ്തിരുന്നു. പലവിധ കച്ചവടങ്ങളും ഇതുമായി ബന്ധപ്പെട്ട കൊണ്ടോട്ടി പ്രദേശത്ത് നടന്നിരുന്നു. പൊതുജനാരോഗ്യ പ്രവർത്തനം എന്ന രീതിയിൽ പണ്ടുകാലങ്ങളിൽ തന്നെ കൊണ്ടോട്ടി നേർച്ചയുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി പ്രദേശങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾക്കും മറ്റുമായി ആളുകളെയും നിയമിച്ചിരുന്നു.


എന്നാൽ 2011 ന് ശേഷം വിവിധ കാരണങ്ങളെ തുടർന്ന് നേർച്ച മുടങ്ങി പോവുകയുണ്ടായി. തുടർന്ന് 2025 ലാണ് നേർച്ച പുനരാരംഭിച്ചത്. ഏകദേശം പതിനായിരത്തോളം ആളുകൾ പരിപാടിയിൽ പങ്കെടുക്കുന്നതായി കണക്കാക്കുന്നു.

നേർച്ചയുമായി ബന്ധപ്പെട്ട് ആരോഗ്യസേവനങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.

## II. നേർച്ചയുടെ സമയക്രമം.

2025 മുതൽ പുനരാരംഭിച്ച കൊണ്ടോട്ടി നേർച്ച മുസ്ലിം കലണ്ടർ പ്രകാരം ദുൽഖ അദ് മാസം പകുതി (ഏപ്രിൽ അവസാനവാരമോ മെയ് ആദ്യവാരമോ ) ആണ് നടക്കുന്നത്. ആദ്യദിനം തോക്കെടുക്കൽ കർമ്മത്തോടെ നേർച്ച ആരംഭിക്കുന്നു. തുടർന്ന് രണ്ടാം ദിനം മുതൽ കൊണ്ടോട്ടി താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ നിന്നും നേർച്ച സ്ഥലത്തേക്ക് ആളുകളുടെ ചെറുസംഘങ്ങൾ കാഴ്ച ദ്രവ്യവുമായി വരുന്നതാണ് (പെട്ടി വരവ് ) നേർച്ചയുമായി ബന്ധപ്പെട്ട പ്രധാന ചടങ്ങ്. മൂന്ന്, നാല് ദിവസങ്ങളിൽ രാത്രിയിലാണ് കൂടുതൽ സംഘങ്ങൾ വരുന്നതും കൂടുതൽ ആളുകൾ സംഘടിക്കുന്നതും. ഈ രണ്ടു ദിവസങ്ങളിലും രാത്രി 10 മണി മുതൽ രാവിലെ വരെ തുടർച്ചയായി ഇത്തരം ചെറു സംഘങ്ങൾ കാഴ്ച ദ്രവ്യങ്ങളുമായി വന്നുകൊണ്ടിരിക്കും. അഞ്ചാം ദിവസം പകൽ 12 മണിക്ക് നേർച്ച സമാപിക്കും.

## III. കൊണ്ടോട്ടി നേർച്ച - Group Gathering Area




### IV. ആൾക്കൂട്ടവും അപകട സാധ്യതയും

1. ആൾക്കൂട്ടം മൂലമുള്ള മാലിന്യ പ്രശ്ണങ്ങൾ
2. ഭക്ഷ്യ-ജലജന്യ രോഗങ്ങളുടെ പൊട്ടി പുറപ്പെടൽ
3. തിക്കിലും തിരക്കിലും പെട്ടുണ്ടാകാവുന്ന അത്യാഹിതങ്ങൾ
4. പടക്കങ്ങൾ , കരിമരുന്നു പ്രയോഗം എന്നിവ മൂലം ഉണ്ടാകാവുന്ന അപകടങ്ങൾ
5. ദേശീയപാതയോരത്ത് (NH966) നടക്കുന്ന ആഘോഷമായതിനാൽ വാഹനം ഇടിച്ചുണ്ടാകാവുന്ന അപകടങ്ങൾ .

### V. ആൾക്കൂട്ടം മൂലമുള്ള ആരോഗ്യപ്രശ്ണങ്ങളും അപകടസാധ്യതയും കുറക്കൽ

നേർച്ചയോട് അനുബന്ധിച്ചുണ്ടാകുന്ന ആൾക്കൂട്ടങ്ങളും അതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്ണങ്ങളും അപകട സാധ്യതകളും കൈകാര്യം ചെയ്യുന്നതിന് താഴെക്കൊടുത്ത നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. 2025ൽ നേർച്ച പുനരാരംഭിച്ചത്

മുതൽ കൊണ്ടോട്ടി നഗരസഭ, കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവയുടെ നേതൃത്വത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

1. മുനിസിപ്പൽ തലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനയോഗം ചേരുക
2. പകർച്ചവ്യാധി സാധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി നേർച്ച നടക്കുന്ന പരിസരങ്ങളിലെ ജലസ്രോതസ്സുകൾ ഒരാഴ്ചയ്ക്ക് മുൻപ് തന്നെ ശുദ്ധീകരിക്കുക. കൊതുകുജന്യ രോഗ നിയന്ത്രണത്തിനായി നേർച്ച നടക്കുന്ന സ്ഥലത്തും പരിസരങ്ങളിലും കൊതുക് കൂത്താടി നശീകരണ പ്രവർത്തനങ്ങൾ നടത്തുക.
3. മാലിന്യനിർമാർജന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പൽതല സാനിറ്റേഷൻ വർക്കേഴ്സ് , ഹരിത കർമ്മ സേന എന്നിവരെ സജ്ജരാക്കുക.
4. തിക്കും തിരക്കും മൂലമുള്ള അപകടങ്ങൾ, വാഹനം ഇടിച്ചുണ്ടാകാവുന്ന അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ പോലീസ് വിഭാഗം കൈക്കൊള്ളുന്നതാണ്.

## VI. കമാൻഡ് സിസ്റ്റം

നേർച്ചയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ ദുരന്തമായി പ്രഖ്യാപിക്കുന്ന പക്ഷം ദുരന്തനിവാരണ നിയമപ്രകാരമുള്ള ഇൻസിഡന്റ് റസ്പോൺ സിസ്റ്റം നിലവിൽ വരുന്നതാണ്. തുടർന്നുള്ള പ്രവർത്തനങ്ങൾ ദുരന്തനിവാരണ ഓറഞ്ച് ബുക്ക് പ്രകാരം ഏകോപനം ചെയ്യപ്പെടുന്നതാണ്.

## VII. പ്രധാന ആളുകളുടെ പട്ടിക

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1. | ശൈഖ് മുഹമ്മദ് ഷാ വലിയ തങ്ങൾ | ട്രസ്റ്റി ചെയർമാൻ |
| 2 . | കുഞ്ഞുമോൻ തങ്ങൾ | ട്രസ്റ്റി അംഗം |
| 3. | റഫീഖ് അലി | ട്രസ്റ്റി അംഗം |
| 4 | മമ്മദിശ | ബഹു. മുനിസപ്പൽ ചെയർമാൻ, കൊണ്ടോട്ടി നഗരസഭ |
| 5 | ഡോ .ബാബു.യു | മെഡിക്കൽ ഓഫീസർ ,താലൂക്ക് ആശുപത്രി കൊണ്ടോട്ടി |

| | | |
|---|---|---|
| 6 | ഹസീന K. P | സെക്രട്ടറി , കൊണ്ടോട്ടി, നഗരസഭ |
| 7 | ഇൻസ്പെക്ടർ ഓഫ് പോലീസ് | കൊണ്ടോട്ടി |
| 8 | ബിനു | ഫുഡ് സേഫ്റ്റി ഓഫീസർ കൊണ്ടോട്ടി |
| 9 | സന്തോഷ് കെ | ഹെൽത്ത് സൂപ്പർവൈസർ |
| 10 | അബ്ദുറഹീം | ക്ളീൻ സിറ്റി മാനേജർ, കൊണ്ടോട്ടി നഗരസഭ |
| 11 | സുഗതകുമാരി | നെടിയിരുപ്പ് കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ |
| 12 | മുംതാസ് | UPHC, മെഡിക്കൽ ഓഫീസർ |

## VIII. പ്രധാന ആശുപത്രികൾ - ഫസ്റ്റ് പോയിന്റ് ഓഫ് കോൺടാക്റ്റ്

| ക്രമ നമ്പർ | പേര് | ഫോൺ നമ്പർ | Govt./ Pvt | സൈറ്റിൽ നിന്നുള്ള ദൂരം |
|---|---|---|---|---|
| 1. | റിലീഫ് ഹോസ്പിറ്റൽ & ട്രോമ കെയർ സെന്റർ കൊണ്ടോട്ടി | | Pvt. | 100 mtr |
| 2. | മേഴ്സി ഹോസ്പിറ്റൽ , കൊണ്ടോട്ടി | | Pvt. | 150 mtr |
| 3 | ഗവ. താലൂക്ക് ആസ്ഥാന ആശുപത്രി, കൊണ്ടോട്ടി | 048-327-10586 | Govt. | 200 mtr |

## IX. **മെഡിക്കൽ എയ്ഡ് പോസ്റ്റ്, ആംബുലൻസ് സേവനങ്ങൾ :**

കൊണ്ടോട്ടി നേർച്ച നടക്കുന്ന കൊണ്ടോട്ടി ടൗണിൽ നിന്നും ഏകദേശം 100, 150 മീറ്റർ ദൂരങ്ങളിലായി രണ്ടു പ്രധാന സ്വകാര്യ ആശുപത്രികൾ നിലവിലുണ്ട്.കൂടാതെ 200 മീറ്റർ മാറി കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി സ്ഥിതി ചെയ്യുന്നു. നേർച്ച സമയത്ത് ആവശ്യമായ ആരോഗ്യ സേവനങ്ങൾ അത്യാഹിതങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനായി മേൽ ആശുപത്രികളെ സജ്ജമാക്കേണ്ടതാണ്. നേർച്ച നടക്കുന്ന സ്ഥലത്തിന് സമീപത്തു തന്നെ ആശുപത്രികളുടെ സേവനം

ലഭ്യമാകുന്നതിനാൽ പ്രത്യേക മെഡിക്കൽ എയിഡ് പോസ്റ്റ് സ്ഥാപിക്കേണ്ടതില്ല. അത്യാഹിതങ്ങൾ ഉള്ളപ്പോൾ ആവശ്യമായ ആംബുലൻസുകളും സൈറ്റിൽ തന്നെ ലഭ്യമാണ്.കൂടാതെ കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി കേന്ദ്രീകരിച്ച പ്രവർത്തിക്കുന്ന 108 ആംബുലൻസിന്റെയും, കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി ആംബുലൻസിന്റെയും സേവനവും ലഭ്യമാണ്.

## X. ആംബുലൻസ് കോൺടാക്ട് നമ്പറുകൾ

| ക്രമ നമ്പർ | പേര് | ഫോൺ നമ്പർ | Govt./Pvt | ALS/BLS |
|---|---|---|---|---|
| 1. | 108 Ambulance Service | 108 | Govt | BLS |
| 2. | Govt THQH Kondotty | 048-327-10586 | Govt. | BLS |
| 3. | റിലീഫ് ഹോസ്പിറ്റൽ & ട്രോമ കെയർ സെന്റർ കൊണ്ടോട്ടി | | Pvt. | BLS |
| 4. | മേഴ്സി ഹോസ്പിറ്റൽ , കൊണ്ടോട്ടി | | Pvt. | BLS |
| 5 | Trauma Care Ambulance | | Pvt. | BLS |
| 6. | SCTC Ambulance | | Pvt. | BLS |

## XI. ആശുപത്രി തയ്യാറെടുപ്പ്

1. കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി , മേഴ്സി ഹോസ്പിറ്റൽ കൊണ്ടോട്ടി, റിലീഫ് ഹോസ്പിറ്റൽ കൊണ്ടോട്ടി എന്നീ ആശുപത്രികൾ നേർച്ച ദിവസങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള അത്യാഹിതങ്ങൾ നേരിടുന്നതിനായി തയ്യാറെടുക്കാൻ നിർദ്ദേശം നൽകുന്നതാണ്.
2. ഇതിന് ആവശ്യമായ മാൻപവർ, ഹോസ്പിറ്റൽ കിടക്കകൾ, ഓക്സിജൻ ലഭ്യത എന്നിവ ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്
3. മേൽ സ്ഥാപനങ്ങളിൽ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ള കേസുകൾ റഫർ പ്ലാൻ പ്രകാരം റഫർ ചെയ്യേണ്ടതാണ്

## XII. **റഫറൽ പ്ലാൻ :**

സാധാരണ രീതിയിൽ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ റഫർ ചെയ്യുന്നതിനായി ഗവൺമെൻറ് മേഖലയിലും സ്വകാര്യ മേഖലയിലും സമീപപ്രദേശങ്ങളിലുള്ള റഫറൽ ആശുപത്രിയുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പേര് | ഫോൺ നമ്പർ | Govt./ Pvt | സൈറ്റിൽ നിന്നുള്ള ദൂരം |
|---|---|---|---|---|
| 1. | Govt Medical College, Manjeri | 8075030771<br>04832769530 | Govt | 20 km |
| 2. | Govt Medical College, Kozhikkode | 0495 235 6531<br>0495 2340216 | Govt | 25 km |
| 3. | MEITRA Hospital, Kozhikode | | Pvt | 20 km |
| 4. | Starcare Hospital, Kozhikode | | Pvt | 25 km |
| 5. | MIMS Hospital, Kozhikode | | Pvt | 20 km |
| 6. | BMH Kozhikode | | Pvt | 22 km |

**Dynamic Plan - Details of Events**

കൊണ്ടോട്ടി നേർച്ച 5 ദിവസങ്ങളിലായാണ് നടത്തപ്പെടുന്നത്.

| ദിവസം | സമയം, ചടങ്ങുകൾ | ആൾക്കൂട്ട സാധ്യത ((Low/Medium/ High) |
|---|---|---|
| ആദ്യ ദിനം (Day 1) | 5:00 PM: തോക്ക് എടുക്കൽ (നേർച്ചയുടെ തുടക്കം)<br>7:00 PM: തക്കിയൻസ് കവാലി | Medium |
| രണ്ടാം ദിനം (Day 2) | 4:30 PM പെട്ടിവരവ്<br>7:00 PM: സാംസ്കാരിക പരിപാടി | Medium |
| മൂന്നാം ദിനം (Day 3) | 9:00 PM മുതൽ പുലർച്ച വരെ<br>പെട്ടി വരവുകൾ, ലംഗർ (അന്നദാനം) | High |
| നാലാം ദിനം (Day 4) | 9:00 PM മുതൽ പുലർച്ച വരെ<br>പെട്ടി വരവുകൾ, ലംഗർ (അന്നദാനം) | High |
| അഞ്ചാം ദിനം (Day 5) | 10:00 AM:<br>തട്ടാൻ പെട്ടി,ചന്ദനമെടുക്കൽ ചടങ്ങ്<br>നേർച്ചയുടെ സമാപനം<br>ലംഗർ (അന്നദാനം) | Medium |